# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . **3103** 13/10/2011 ൽ മറുപടിക്ക്

**കെ.എ.പി-5 ബറ്റാലിയനിലെ ഒഴിവുകൾ**

**ചോദ്യം** **മറുപടി**

ശ്രീ.മോൻസ് ജോസഫ് : ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. റ്റി.യു.കുരുവിള : (മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | കേരളാ പോലീസ് കോട്ടയം, ഇടുക്കി കെ.എ.പി-5 ബറ്റാലിയനിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചു എന്നു വ്യക്തമാക്കുമോ; | (എ) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും 1180 പേരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ജനമൈത്രീ പോലീസ് സംവിധാനത്തിന്റെ ഭാഗമായി സൃഷ്ടിച്ച പോലീസ് ഒഴിവിന്റെ അടിസ്ഥാനത്തിൽ കെ.എ.പി.-5 ബറ്റാലിയനിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്. | (ബി & സി) ജനമൈത്രി പോലീസ് പദ്ധതിപ്രകാരം അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ 3.9.2011-ൽ ജി.ഒ (എം.എസ്) 201/2011/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിൻപ്രകാരം ഇടുക്കി ജില്ലയിൽ 20 പോലീസുകാരുടെയും, 5 വനിതാ പോലിസുകാരുടെയും കോട്ടയം ജില്ലയിൽ 44 പോലീസുകാരുടെയും, 11 വനിതാ പോലീസുകാരുടെയും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഈ ഒഴിവുകൾ കെ.എ.പി.5-ാം ബറ്റാലിയൻ വഴിയാണ് നികത്തപ്പെടേണ്ടത്. ഈ ഒഴിവുകൾ നികത്തുന്നതിനായി അതാത് ജില്ലാ പോലീസ് മേധാവികൾ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | ഈ ഒഴിവുകൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തോ; ഇവ റിപ്പോർട്ട് ചെയ്യുന്നതിലുള്ള കാലതാമസം എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ; ഒഴിവുകൾ എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുമോ; | |
| (ഡി) | നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നു വ്യക്തമാക്കുമോ ? | (ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 31.12.2011-ൽ അവസാനിക്കും. |

സെക്ഷൻ ഓഫീസർ